# 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ല് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2019 നവംബർ 7-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടറിയേറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1154/2019.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | സമിതിയുടെ ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം : | | |
| | I. വിയോജനക്കുറിപ്പ് | .. | 3 |
| | II. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് | .. | 5 |

# സബ്ജക്ട് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

(2019-2021)

**ഘടന**

**അദ്ധ്യക്ഷൻ :**

**ശ്രീ. റ്റി. പി. രാമകൃഷ്ണൻ,**

**തൊഴിലും എക്സൈസും വകുപ്പുമന്ത്രി.**

**എക്സ്-ഒഫീഷ്യോ അംഗം :**

**ശ്രീ. എം. എം. മണി,**

**വൈദ്യുതി വകുപ്പുമന്ത്രി.**

**അംഗങ്ങൾ :**

| | |
|---|---|
| **ശ്രീമതി ഇ. എസ്. ബിജിമോൾ,** | **എം. എൽ. എ.** |
| **ശ്രീ. കെ. ദാസൻ,** | ,, |
| **ശ്രീ. ടി. വി. ഇബ്രാഹിം,** | ,, |
| **ശ്രീ. എം. രാജഗോപാലൻ,** | ,, |
| **ശ്രീ. വി. പി. സജീന്ദ്രൻ,** | ,, |
| **ശ്രീ. തോമസ് ചാണ്ടി,** | ,, |
| **ശ്രീ. പി. ഉണ്ണി,** | ,, |
| **ശ്രീമതി വീണാ ജോർജ്ജ്,** | ,, |

**നിയമസഭാ സെക്രട്ടേറിയറ്റ് :**

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി**

**ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി**

**ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി**

**ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.**

# 2019 -ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കായി അയച്ച 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ (ബിൽ നമ്പർ 218), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ 2019 ഒക്ടോബർ 22-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2019 ഒക്ടോബർ 30-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും, അന്നേ ദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2019 നവംബർ 6-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 1</u>

ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിൽ "2019 ആഗസ്റ്റ് 20" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം "2019 ഏപ്രിൽ 1" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

<u>ഖണ്ഡം 2</u>

2-ാം ഖണ്ഡത്തിലെ 2-ാം വകുപ്പ് (ആർ) ഖണ്ഡത്തിൽ "സംസ്ഥാനത്ത് നടത്തുന്ന ക്രയവിക്രയങ്ങളുടെ" എന്ന വാക്കിന് പകരം "സംസ്ഥാനത്ത് വ്യാപാരി ഉപഭോക്താവിന് നടത്തുന്ന അന്തിമ വില്പനയുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ഖണ്ഡം 3</u>

പ്രധാന ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ (i) "0.25%" എന്ന അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "0.1%" എന്ന അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(ii) "പത്ത് ലക്ഷം" എന്ന വാക്കുകൾക്ക് പകരം "ഇരുപത് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2019 നവംബർ 6.

അനുബന്ധം I

## വിയോജനക്കുറിപ്പ്

ആഭരണത്തൊഴിലാളികളുടെയും സ്വയം തൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമനിധിയിലേക്കുള്ള തുക സ്വരൂപിക്കുന്നതിനുള്ള ആവശ്യാർത്ഥം ഓരോ വ്യാപാരിയും തന്റെ ഒരു വർഷത്തെ ആഭരണ വിറ്റുവരവിന്റെ 0.25 ശതമാനം വരുന്ന തുക സെസ്സായി സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഈടാക്കണമെന്ന നിബന്ധനയ്ക്ക് പകരം വില്പനയുടെ 0.1 ശതമാനമായി ഇത് കുറയ്ക്കുന്നതും, വിറ്റുവരവിന് പകരം വില്പനയുടെ ശതമാനമായി മാറ്റുന്നതും ക്ഷേമനിധിയിലേക്ക് ലഭിക്കുന്ന സെസ്സ് തുകയിൽ ഗണ്യമായ കുറവ് വരുത്തും. വൻകിട സ്വർണ്ണവ്യാപാരികളെ സഹായിക്കുന്നതും, ആഭരണത്തൊഴിലാളികൾക്ക് ദോഷകരമാകുന്നതുമായ ഈ ഭേദഗതി നിർദ്ദേശത്തോട് ഇതിനാൽ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ടി. വി. ഇബ്രാഹിം (ഒപ്പ്)

1154/2019.

അനുബന്ധം II

# 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

## 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്ട് (2009-ലെ 26) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2019 ഏപ്രിൽ 01-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്ടിലെ (2009-ലെ 26) (ഇതിനു ശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക.) 2-ാം വകുപ്പ് (ആർ) ഖണ്ഡത്തിൽ "സംസ്ഥാനത്ത് നടക്കുന്ന ക്രയവിക്രയങ്ങളുടെ" എന്ന വാക്കിന് പകരം "സംസ്ഥാനത്ത് വ്യാപാരി ഉപഭോക്താവിന് നടത്തുന്ന അന്തിമ വിൽപനയുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 5-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,-(i) "0.25%" എന്ന അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "0.1%" എന്ന അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(ii) "പത്ത് ലക്ഷം" എന്ന വാക്കുകൾക്ക് പകരം "ഇരുപത് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 38), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2019 നവംബർ 6.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*